**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4865** **11-08-2021 - ൽ മറുപടിയ്ക്ക്**

**ബ്ലേഡ് മാഫിയ ഉൾപ്പെടെയുള്ള സാമ്പത്തിക കുറ്റവാളികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാർ കർശന നടപടികളിലൂടെ തടഞ്ഞ ബ്ലേഡ് മാഫിയ ഉൾപ്പെടെയുള്ള സാമ്പത്തിക കുറ്റവാളികൾ ഒരിടവേളയ്ക്ക് ശേഷം പ്രവർത്തനം തുടങ്ങിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ ഇത്തരം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്നും എത്ര പേരെ അറസ്റ്റ് ചെയ്ത് നിയമനടപടികൾക്കു വിധേയമാക്കിയെന്നും അറിയിക്കാമോ; | (ബി) | ഈ സർക്കാരിന്റെ കാലയളവിൽ (20.05.2021 മുതൽ 31.07.2021 വരെ) ബ്ലേഡ് മാഫിയ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പരാതികളൊന്നും ലഭിക്കാത്തതിനാൽ കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. |
| (സി) | ഇത്തരം പ്രവർത്തനം സംസ്ഥാനത്തു നിന്ന് തുടച്ചു നീക്കുവാൻ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ; | (സി) | ബ്ലേഡ് മാഫിയ സംഘങ്ങളുടെ പ്രവർത്തനങ്ങളും, മറ്റും തടയുന്നതിനും നിരീക്ഷിക്കുന്നതിനും ഇന്റലിജൻസ് വിഭാഗത്തിന്റെ സഹായത്തോടെ ശക്തമായ നിരീക്ഷണങ്ങളും രഹസ്യ അന്വേഷണവും നടത്തി വരുന്നു. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറക്ക് റെയ്ഡുകൾ നടത്തി കുറ്റക്കാരെ കണ്ടെത്തി അറസ്റ്റ് ചെയ്ത് ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | ഇവയോടൊപ്പം സൈബർ സാമ്പത്തിക കുറ്റകൃത്യങ്ങളും വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് അവ നിയന്ത്രിയ്ക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ? | (ഡി) | സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു. എല്ലാ പോലീസ് ജില്ലകളിലും ഒരു സൈബർ പോലീസ് സ്റ്റേഷൻ ഉണ്ടാകണമെന്ന് സർക്കാർ തീരുമാനിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 15 പോലീസ് ജില്ലകളിൽക്കൂടി സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു. നിലവിൽ 19 പോലീസ് ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. സൈബർ സുരക്ഷയ്ക്കും, സൈബർ കുറ്റകൃത്യങ്ങൾ നേരിടുന്നതിനുമായി കേരളാ പോലീസിന്റെ നേതൃത്വത്തിൽ ആരംഭിച്ച സംരംഭമാണ് സൈബർ |

| | | | | |
|---|---|---|---|---|
| | | | | ഡോം. സൈബർ കുറ്റകൃത്യങ്ങളിന്മേൽ ഫലപ്രദമായി അന്വേഷണം നടത്തുവാൻ പരിശീലനം നേടിയ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പോലീസ് സ്റ്റേഷനുകളിൽ സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ സെൽ രൂപീകരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ, തിരുവനന്തപുരത്ത് Cyber Security Centre സ്ഥാപിക്കുന്നതിന് 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 15 സൈബർ ക്രൈം പോലീസ് സ്റ്റേഷനുകളിലെയും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് സൈബർ ഡോമുകളിലെയും സൈബർ കുറ്റാന്വേഷണ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിന് 450 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ‘Assistance to States for Modernisation of Police’ എന്ന കേന്ദ്ര പദ്ധതിയിൽ, 2021-22 വർഷത്തെ State Action Plan-ൽ ‘Improving Cyber Crime Investigation Infrastructure’ നായി 100 ലക്ഷം രൂപയും ‘State Social Media Analysis Lab’ സ്ഥാപിക്കുന്നതിലേക്കായി 100ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതിക്ക് കേന്ദ്രാനുമതി ലഭ്യമായിട്ടുണ്ട്. തുക അനുവദിക്കുന്ന മുറക്ക് ഇവ നടപ്പിൽ വരുത്തുന്നതുമാണ്. |

സെക്ഷൻ ഓഫീസർ